ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ എ. റഹിം) :

(എ) 52.

(ബി) 8—44

(സി) ഉണ്ട്.

(ഡ്) സ്റ്റോറിലെ ആയുധപത്രികകൾ വിപുലീകരിക്കുന്നതിനായി പഞ്ചവത്സരപദ്ധതിപ്രകാരം നടപടി എടുക്കുമ്പോൾ ഇരിഞ്ഞാലക്കുട ആയുധപത്രിയുടെ കാര്യവും എടുക്കാമെന്നു് നിർദ്ദേശിച്ചു.

പുതിയ വ്യവസായങ്ങൾ.

* 32. [36] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി മറുപടി തരുമോ :

(എ) ഈ വർഷത്തിൽ ഏതെല്ലാം പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു ;

(ബ്) അതിനുവേണ്ടിയിരുന്ന മൂലധനമെത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ വർഷത്തിൽ താഴെപറയുന്ന ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

1. തോൽവ്യവസായം
2. കളിമൺവ്യവസായം
3. കൊല്ലുപണിവ്യവസായം
4. കളിപ്പാട്ടവ്യവസായം
5. മരപ്പണിവ്യവസായം
6. വസ്ത്രത്തിൽ ചായമിടുന്ന വ്യവസായം
7. പ്ലാസ്റ്റിക്കു് വ്യവസായം
8. കുപ്പിവളവ്യവസായം
9. അലൂമിനിയം വ്യവസായം
10. ആട്ടോമാറ്റിക്കു് ലൈറ്റർ ഇൻഡസ്ട്രി

ഇതുകൂടാതെ വേറെ പത്തു ചെറുകിടവ്യവസായങ്ങൾക്കുള്ള സ്കീം കൂടി തയ്യാറാക്കി വരുന്നുണ്ടു്.

(ബി) 771000 രൂപ.

പത്താംക്ലാസ്സു് പരീക്ഷ.

* 33. [37] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി മറുപടി പറയുമോ :

(എ) പത്താംക്ലാസ്സു് പൊതുപരീക്ഷയിൽ എത്ര ശതമാനം വിദ്യാർത്ഥികൾ പാസ്സായി ;

(ബി) ആകെ പരീക്ഷയ്ക്കുപോയ വിദ്യാർത്ഥികൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പരീക്ഷയിൽ ഏറ്റവും കൂടുതൽ ശതമാനം പാസ്സാകിയ പള്ളിക്കൂടം ഏതു്; ഏറ്റവും മോശമായതേതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 44.2 ശതമാനം വിദ്യാർത്ഥികൾ പാസ്സായി.

(ബി) 51532 വിദ്യാർത്ഥികൾ.

(സി) സെൻറ് മൈക്കൽസ് ഹൈസ്കൂൾ, പ്രവിത്താനം, സെൻറ് മേരീസ് ഹൈസ്കൂൾ, വെട്ടുകാട്, തിരുവനന്തപുരം.

ടി. എം. സി യിലെ പണിമുടക്കു്.

* 34. [38] ശ്രീ. പി. കെ. നാരായണൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ചവറ ടി. എം. സി. യിൽ പണിമുടക്കിനുള്ള കാരണങ്ങൾ എന്തൊക്കെ ആണു്;

(ബി) ഫാക്ടറി പ്രദേശത്തിൽ എടുത്ത ജോലിക്കാർ ഈ വ്യവസായവുമായി ബന്ധമുള്ളവരാണോ;

(സി) ഈ പണിമുടക്കു് ഒഴിവാക്കുന്നതിനു് എന്തു നടപടിയാണു് ഗവണ്മെൻറ് എടുത്തിട്ടുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ടി. എം. സി. മാനേജ്മെൻറ് എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് മുഖേന ഏതാനും നിയമനങ്ങൾ നടത്തിയതിൽ പ്രതിഷേധിച്ചു.

(ബി) ബഹുഭൂരിപക്ഷം പേരും ബന്ധമുള്ളവരാണെന്നാണു് എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് അധികൃതർ രേഖപ്പെടുത്തിയിട്ടുള്ളതു്.

(സി) നിയമാനുസൃതമായ എല്ലാ നടപടികളും.

എയ്ഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കു് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ.

* 35. [39] ശ്രീ. ഡി. വേലായുധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കു് 1955 മാർച്ചുമാസത്തിനുശേഷം എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു്;

(ബി) എല്ലാ അദ്ധ്യാപകർക്കും ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകര താലൂക്കിൽനിന്നും ഈ വിഷയത്തിൽ എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; എന്തു പരാതിയാണു്;

(ഡി) എന്തു നടപടി നടത്തി;

LIBRARY ARCHIVES Kerala Legislative Assembly